(ബി) പ്രസ്തുത എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ എസ്റ്റേറ്റിന്റെ കോമ്പൗണ്ട് വാൾ ഉൾപ്പെടെയുള്ളവയുടെ നവീകരണത്തിന് നടപടി സ്വീകരിക്കാമോ?

കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

വ്യവസായ ജാലകം പദ്ധതി

115(5274) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യണമെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ വിവരശേഖരണം നടത്തണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരം ശേഖരിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് വിവരശേഖരണത്തിനായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സമഗ്രമായ വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് മൊബൈൽ ആപ്പ് വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിനോടകം ഒരു ലക്ഷത്തി നാല്പതിനായിരത്തോളം വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ മേൽ പ്രകാരം സർവ്വേ നടത്തി വ്യവസായ ജാലകം സ്ഥിതി വിവര ശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

വ്യവസായ ജാലകം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എൻ ഐ സി കോഡ് -2004 പ്രകാരമുള്ള ആകൃിവിറ്റികളുടെ അടിസ്ഥാനത്തിലാണ് നിലവിൽ വിവര ശേഖരണം നടത്തിയിട്ടുള്ളത്.

(ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ ജാലകം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽനിന്നും എം.എസ്.എം.ഇ.-കളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം അനുസരിച്ച് വ്യവസായ ഭൂപടം തയാറാക്കിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരള ബ്രാൻഡ്

116(5275) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രാധാന്യം കണക്കാക്കി പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്നുണ്ട്.

1. ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

2. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതിവഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly